# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3001 13.03.2018-ൽ മറുപടിയ്ക്ക്.

## പെരിങ്ങാല-ചായ്ക്കര കോളനി- ചെമ്മഞ്ചേരി റോഡ്

| ചോദ്യം<br><br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പെരിങ്ങാല-ചായ്ക്കര കോളനി-ചെമ്മഞ്ചേരി റോഡ് പണി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. കുന്നത്തുനാട് അസംബ്ളി നിയോജക മണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തിയായ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ പെരിങ്ങാല-ചായക്കര കോളനി ചെമ്മഞ്ചേരി റോഡ് പ്രവൃത്തിയ്ക്ക് 19.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി നടക്കുന്ന സമയത്ത് ശക്തമായ കാലവർഷത്തെ തുടർന്ന് നിലവിലുണ്ടായിരുന്ന റോഡ് മുഴുവൻ തകരുകയും തീർത്തും സഞ്ചാരയോഗ്യമല്ലാതാകുകയും ചെയ്തു. അതിനാൽ റോഡിന്റെ ടാറിംഗ് ഒഴിവാക്കി ടി റോഡിന്റെ ഉപരിതലം നിലവിലുള്ളതിലും ഉയർത്തി കട്ട വിരിച്ച് പാർശ്വഭിത്തി നിർമ്മിച്ചാലേ സുരക്ഷിതമായി നിലനിൽക്കുകയുള്ളൂ. അതിലേയ്ക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ |
| (ബി) | ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടി ഫയൽ മൂന്ന് മാസത്തിൽ കൂടുതൽ ആയി തീരുമാനമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ന്യൂനതകൾ പരിഹരിച്ച് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നല്കുന്നതിനുള്ള നടപടി ധനകാര്യവകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) | ടി റോഡിന്റെ പണി എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കും എന്നത് വ്യക്തമാക്കാമോ? | (സി) | പുതുക്കിയ ഭരണാനുമതി നല്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ